ചെക്ക് പോസ്റ്റുകൾക്ക് മെച്ചപ്പെട്ട കെട്ടിട സൗകര്യവും വൈദ്യുതി, ടെലഫോൺ കണക്ഷനും ഏർപ്പെടുത്തുന്നതിന് നടപടി

23 (1076) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ചെക്ക് പോസ്റ്റുകൾ ഓലക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു ;

(ബി) എത്ര ചെക്ക്പോസ്റ്റുകളിൽ വൈദ്യുതി കണക്ഷൻ ഇല്ലാതെ ഉണ്ട് ;

(സി) എത്ര ചെക്ക്പോസ്റ്റുകളിൽ ടെലഫോൺ കണക്ഷൻ ഇല്ലാതെയുണ്ട് ;

(ഡി) വൈദ്യുതി കണക്ഷനും ടെലഫോൺ കണക്ഷനുമില്ലാതെ ഓലക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ടോ ;

(ഇ) പ്രസ്തുത ഓഫീസുകൾക്ക് മെച്ചപ്പെട്ട കെട്ടിട സൗകര്യവും വൈദ്യുതി, ടെലഫോൺ കണക്ഷനുകളും ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിന്റെ കീഴിലുള്ള 7 ചെക്ക് പോസ്റ്റുകൾ ഓലക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) 10 വില്പന നികുതി ചെക്ക് പോസ്റ്റുകളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

(സി) 31 വില്പന നികുതി ചെക്ക് പോസ്റ്റുകളിൽ ടെലഫോൺ കണക്ഷൻ ഇല്ല.

(ഡി) വൈദ്യുതി കണക്ഷനും ടെലഫോൺ കണക്ഷനും ഇല്ലാത്ത ചെക്ക് പോസ്റ്റുകളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(ഇ) വൈദ്യുതി, ടെലഫോൺ കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എക്സൈസ് ചെക്ക്പോസ്റ്റുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly